**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5680** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ക്ലാസ് ഫോർ ജീവനക്കാരുടെ ബൈട്രാൻസ്ഫർ പ്രമോഷൻ പി.എസ്.സി. നടത്തുന്ന എഴുത്ത് പരീക്ഷയുടെയും പ്രാക്ടിക്കൽ പരീക്ഷയുടെയും അടിസ്ഥാനത്തിലായിരുന്നോ; വിശദമാക്കുമോ; | (എ) | 2013-ലെ സ്പെഷ്യൽ റൂൾ പ്രകാരം, ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ക്ലാസ് ഫോർ ജീവനക്കാരുടെ ബൈട്രാൻസ്ഫർ പ്രമോഷൻ പി.എസ്.സി. നടത്തുന്ന എഴുത്ത് പരീക്ഷയുടെയും പ്രാക്ടിക്കൽ പരീക്ഷയുടെയും അടിസ്ഥാനത്തിലായിരുന്നു. എന്നാൽ 2018ൽ പുതിയ സ്പെഷ്യൽ റൂൾ പ്രസിദ്ധീകരിച്ചതിൽ റൂൾ 4ലെ നോട്ടിൽ വന്ന അപാകത മൂലം ബൈട്രാൻസ്ഫർ നിയമനത്തിന് നിഷ്കർഷിച്ചിരുന്ന യോഗ്യതകൾ ആവശ്യമില്ലെന്ന് തെറ്റായി രേഖപ്പെടുത്തൽ വന്നിട്ടുള്ളതാണ്. |
| (ബി) | 2018-ൽ ഇറക്കിയ സ്പെഷ്യൽ റൂളിൽ മേൽ യോഗ്യത സംബന്ധിച്ച സ്പഷ്ടീകരണം ഇല്ലാത്തതിനാൽ യോഗ്യത നേടിയിട്ടില്ലാത്ത ഏതെങ്കിലും ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ശ്രീ.ഷിബി പി.ബി.യ്ക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്. 2018ലെ സ്പെഷ്യൽ റൂളിലെ നോട്ടിൽ യോഗ്യതകൾ നിഷ്കർഷിക്കുന്നില്ല എന്ന് കാണിച്ച് ടി ജീവനക്കാരൻ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് പ്രമോഷൻ അനുവദിക്കാൻ കോടതി ഉത്തരവായി. |
| (സി) | പ്രസ്തുത സ്പെഷ്യൽ റൂളിൽ വന്നിട്ടുള്ളതായി പറയപ്പെടുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | പ്രസ്തുത റൂളിൽ വന്ന അപാകത പരിഹരിക്കുന്നതിനായി സർക്കാർ 27-12-2018-ൽ G.O.(Rt) No.652/2018/CAD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ റൂളിലെ വ്യവസ്ഥ ഉത്തരവ് കൊണ്ട് മറികടക്കാൻ കഴിയില്ല എന്ന് ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചിട്ടുള്ളതിനാൽ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | 27.12.2018-ലെ സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന യോഗ്യതയില്ലാത്തവരെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമിക്കുന്നത് സംബന്ധിച്ച് കോടതി ഉത്തരവ് നിലവിലുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് നിലവിലുള്ള 14 ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം | (ഇ) | സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഭേദഗതി എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ? | | ആയത് ഭേദഗതി വരുത്തുന്ന മുറയ്ക്ക് നിലവിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ